# എം.യു .യു പി സ്കൂൾ
# ആറാട്ടുപുഴ
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയ ചരിത്രം
- വിദ്യാലയ മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# ആമുഖം

ആലപ്പുഴ ജില്ലയിലെ തെക്കു പടിഞ്ഞാറൻ ഭാഗത്ത് സ്ഥിതി ചെയ്യുന്നതും ലക്ഷദ്വീപ് കടലിനും കായംകുളം കായലിനും മധ്യേ - ശരാശരി ഒന്നര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ളതുമായ മണലും ചെളിമണ്ണും നിറഞ്ഞ ഒരു ഗ്രാമപ്രദേശമാണ് ആറാട്ടുപുഴ. പ്രകൃതി സുന്ദരമായ ഈ പ്രദേശം ധാതുക്കൾ നിറഞ്ഞ കരിമണലാൽ സമ്പന്നമാണ്. പൊതുവേ, കയർത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും ഇടതിങ്ങിജീവിക്കുന്ന ഈ നാട് മത സഹിഷ് ണുതയ്ക്കും, സൗഹാർദ്ദത്തിനും പേരുകേട്ടതാണ്. കടലാക്രമണവും വേലിയേറ്റ - വെള്ളപ്പൊക്ക പ്രതിഭാസങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ഈ ഗ്രാമവാസികളെ ഏറെക്കാലമായി അലട്ടിക്കൊ ണ്ടിരിക്കുന്നു.വളരെകുറഞ്ഞ പ്രതിശീർഷ വരുമാനമുള്ള ജനങ്ങൾ അധിവസിക്കുന്ന ഇവിടെ നിലവിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു ലോവർ പ്രൈമറി സ്കൂളും ഒരു അപ്പർ പ്രൈമറി സ്കൂളും മാത്രമാണ്.

## **ലക്ഷ്യങ്ങൾ**

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുംമുള്ള കഴിവ് ഉറപ്പാക്കുക
- പൊതുവിജ്ഞാനത്തിനത്തിന് ഊന്നൽ നൽകുക
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ, ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയക്ക് കൈമാറുക
- സാമൂഹികചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി എന്നിവയെല്ലാം കുട്ടികളും ആർജിക്കുക.
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹികാവബോധം വളർത്തുക
- ഗണിത മേഖലയിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നു.
- ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക
- ഗണിത വിജയം എന്ന പദ്ധതിയിലൂടെ ഗണിതത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.

# ചരിത്രം

ഈ വർഷം സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ആറാട്ടുപുഴ മ അദിനുൽ ഉലൂം അപ്പർ പ്രൈമറി സ്കൂൾ 1976 ൽ സ്ഥാപിതമായതാണ്. പ്രസിദ്ധ ബഹുഭാഷ്ണ, പണ്ഡിതനും, സാമൂഹ്യ – രാഷ്ട്രീയ നേതാവുമായിരുന്ന ജനാബ് കെ കെ അബ്ദുൽ റസാക് ഹാജിയാണ് സ്ഥാപക മാനേജർ. പത്ത് അദ്ധ്യാപകരും ഒരു അദ്ധ്യാപകനും ഏകദേശം ഇരുനൂറിലധികം വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിൽ ഇപ്പോൾ പന്ത്രണ്ട് അദ്ധ്യാപകരും ഒരു അദ്ധ്യാപകനും ഒരു പാചകത്തൊഴിലാളിയും സേവനമനുഷ്ഠിക്കുന്നു. നിലവിൽ 5,6,7 സ്റ്റാൻഡേർഡുകളിലെ എട്ട് ഡിവിഷനുകളിലായി ഇരുനൂറിനടുത്ത് വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ വിദ്യാഭാസവകുപ്പ്, തദ്ദേശസ്ഥാപനങ്ങൾ, സ്കൂൾ മാനേജ്മന്റെ എന്നിവരുടെ ആഭിമുഖ്യത്തിലുള്ള ത്വരിത വികസനത്തിന്റെ ഒരു ഘട്ടത്തിൽ കൂടിയാണ് ഇന്ന് ഞങ്ങളുടെ വിദ്യാലയം കടന്നു പോകുന്നത്. വിദ്യാലയത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി നിർലോഭമായ ഉപദേശനിർദ്ദേശങ്ങളും നിസ്വാർത്ഥസഹായങ്ങളുമായി പൂർവ്വാദ്ധ്യാപകരും രക്ഷകർത്താക്കളും സന്നദ്ധരാണ്. സമൂഹത്തിന്റെ വ്യത്യസ്തമേഖലകളിൽ അതി പ്രശസ്തമായ രീതിയിൽ പഠനമികവിന്റെയും സേവനത്തിന്റെയും വ്യക്തിമുദ്രകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും ഈ വിദ്യാലയത്തിന്റെ എക്കാലത്തെയും അഭിമാനമാണ് .

# <u>വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്</u>

**<u>M U U P SCHOOL ARATTUPUZHA</u>**

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആകുക എന്ന ലക്ഷ്യw കൈവരിക്കുന്ന തിനായി വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തപ്പെടുന്നു .

1. മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുന്നതിന് ആവശ്യമായ മൂല്യ ബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക .
2. അന്താരാഷ്ട്ര നിലവാരമുള്ളധാരണകളും ശേഷികളും കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക
3. അറിവും കഴിവും ധാരണകളും പ്രായത്തിനനുസരിച്ച് വികസി ക്കുന്നുണ്ടോ എന്ന് ശാസ്ത്രിയമായി വിലയിരുത്തി സമയ ബന്ധിത മായ പ്രവർത്തനങ്ങളിലൂടെ ഉയർന്ന നിലവാരത്തിലെത്തിക്കുക
4. .പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകുകയും ചെയ്യുക,
5. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ കഴിവുകൾക്കൊപ്പം പഠനാന്തരീക്ഷവും മൂല്യബോധങ്ങൾ ഉണ്ടാകാൻ ആവശ്യമായ പഠനപ്ര ക്രീയയും ഒരുക്കുക .
6. ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാ വശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക
7. ഓരോ കുട്ടിക്കും പഠനത്തിനും വികസനത്തിനും തുല്ല്യ അവസ രങ്ങൾ നൽകുക.
8. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പിക്കാൻ ജനകീയ സംവി ധാനങ്ങൾ രൂപപ്പെടുത്തുക
9. തുടർച്ചയായതും സമഗ്രവുമായ മൂല്യ നിർണയ പ്രക്രീയ വിലയിരു ത്തലിന്റെ അഭിവാജ്യമാക്കുക .

## നിലവിലെ അവസ്ഥാവിശകലനം

ഭൗതീകം                നേട്ടങ്ങൾ

ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം അറ്റകുറ്റപണികൾ നടത്തുകയും നടപ്പാത ടൈൽ ഇടുകയും ചെയ്തു .

## പരിമിതികൾ

കുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റും ഭോജനശാലയും ആവശ്യമാണ് . ചുറ്റുമതിൽ ഇല്ലാത്തതിനാൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടാണ്. ലാബ് , ലൈബ്രറി എന്നിവയ്ക്ക് കുറച്ചുകൂടി സൗകര്യങ്ങൾ ആവശ്യമാണ്

## അക്കാദമികം നേട്ടങ്ങൾ

അമ്പലപ്പുഴ സബ്ജില്ലയിലെ ഏറ്റവും നല്ല സ്കൂളുകളിൽ ഒന്നായി എം യു യു പി സ് തുടരുന്നുണ്ട് . അക്കാദമി വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി അറബിക്കലോത്സവത്തിനും, സംസ്കൃതകലോത്സവത്തിനും ഓവറോൾ ചാമ്പ്യന്മാരായി തുടരുന്നു. ശാസ്ത്രമേളകളിലും നല്ല വിജയങ്ങൾ കൈവരിക്കാൻ സാധിക്കുന്നുണ്ട്. കഴിഞ്ഞ അക്കാദമിക് വർഷത്തിൽ 4 കുട്ടികൾ യു എസ് എസ് സ്കോളർഷിപ്പ് കരസ്ഥമാക്കി. നിരവധി മത്സര പരീക്ഷകളിലും കുട്ടികൾ നല്ല മികവ് പുലർത്തുന്നുണ്ട്.

## പരിമിതികൾ

ലാബ് , ലൈബ്രറി എന്നിവയുടെ നവീകരണം കാര്യക്ഷമമമാകേണ്ടതുണ്ട്. ക്ലാസ് ലൈബ്രറി സജ്ജികരിച്ചിട്ടില്ല. കായിക അദ്ധ്യാപകരുടെ സഹായം ലഭ്യമാകുന്നില്ല. സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം കുട്ടികൾക്ക് വേണ്ട രീതിയിൽ പഠന നേട്ടങ്ങൾ എത്തിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു .

# <u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.</u>

- ❖ ഭാഷാശേഷിവികസനം
- ❖ ഇംഗ്ലീഷ് പഠനം
- ❖ വായനശേഷി വർദ്ധിപ്പിക്കൽ
- ❖ ശാസ്ത്ര പരിപോഷണം
- ❖ ഗണിത ശേഷി വികസനം
- ❖ ജൈവവൈവിധ്യ പാർക്ക്
- ❖ പച്ചക്കറി, ഔഷധത്തോട്ട നിർമ്മാണം
- ❖ ലാബ്, ലൈബ്രേറി നിർമാണം
- ❖ സ്കോളർഷിപ്പ് പരിശീലനം
- ❖ സ്കൂൾ മാഗസിൻ
- ❖ കല പരിപോഷണം
- ❖ പ്രതീക്ഷിത നേട്ടങ്ങൾ
- ❖ കുട്ടിയുടെ സർവോന്മുഖമായ വികസനം ഉറപ്പാക്കുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതീകവും അക്കാദമികവുമായ സാഹചര്യം ഉറപ്പാക്കുക
- ❖ സാമൂഹികവബോധവും, മാനുഷികമൂല്യങ്ങളും ഉൾകൊണ്ട ഒരു തലമുറയെ വാർത്തെടുക്കുക
- ❖ പഠനാനുഭവങ്ങളിലൂടെ ആർജിച്ചെടുക്കുന്ന ആശയങ്ങളെ പ്രശ്ന പരിഹരണത്തിനുതകുന്ന വിധം പ്രയോഗികമാക്കുക
- ❖ ജനാധിപത്യ മൂല്യങ്ങളിലധി ഷ്ഠി തമായ ജീവിതരീതി കുട്ടിയിൽ പ്രാപ്തമാകുന്നു
- ❖ നമ്മുടെ കലയും സംസ്കാരവും തനിമയും പൈ തൃകവും നിലനിർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നതോടൊപ്പം വളർന്നു വരുന്ന പുതു സംസ്ക്കാരങ്ങളേയും ഉൾക്കൊള്ളാൻ പ്രാപ്തനാകുന്നു .
- ❖ ആധുനിക സാങ്കേതിക വിദ്യകൾ മനുഷ്യ നന്മയ്ക്കുതകും വിധം പ്രയോജനപ്പെടുത്താൻ വേണ്ട മനോഭാവം രൂപപ്പെടുന്നു

# പദ്ധതി രൂപീകരണ പ്രക്രിയ (വിവിധ ഘട്ടങ്ങൾ)

- SRG യോഗം, Staff meeting, PTA എന്നിവയിലൂടെ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും നടന്നു.
- അക്കാദമിക ആവിശ്യങ്ങൾക്ക് വിഷയാടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, ചെലവ്, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- കരട് രൂപരേഖ, SRG, PTA, MPTA, സ്റ്റാഫ് കൗൺസിൽ എന്നിവയക്ക് മുൻപിൽ അവതരിപ്പിക്കൽ, നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- SRG യുടെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## **അക്കാദമികം മേഖല - മലയാളം**

## **പദ്ധതി വിശദം ശങ്ങൾ**

| ലക്ഷ്യം | | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | **എഴുത്ത്കൂട്ടം വായനാക്കൂട്ടം**<br><br>സ്കൂളിൽ പൊതുവായി ഒരു ചോദ്യാവലി തയ്യാറാക്കി പ്രീ ടെസ്റ്റ് ഓരോ ക്ലാസ്സിലും നടത്തി എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി .പിന്നോക്കക്കാരായ കുട്ടികൾ ക്കുവേണ്ടി സ്വരങ്ങൾ വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ ചിഹ്നങ്ങൾ , വള്ളി , പുള്ളി എന്നിവ ഉറപ്പാക്കുന്നതിന് അനുയോജ്യമായ മൊഡ്യൂൾ തയ്യാറാക്കി (പൂത്തുമ്പി, മലയാളത്തിളക്കം ) എല്ലാ ദിവസവും വൈകിട്ട് 3 മാണി മുതൽ 4 മാണി വരെ പ്രത്യേക ടൈം ടേബിൾ പ്രകാരം എല്ലാ അധ്യാപകർക്കും ചുമതല നൽകിക്കൊണ്ട് പ്രത്യേക പരിശീലനം | ജൂൺ മുതൽ ജനുവരി വരെ | ഭാഷ അധ്യാപകർ | 1000/- |

| | | | | |
|---|---|---|---|---|
| ഭാഷയുടെ ആശയശേഷി, ആവിഷ്കാരശേഷി , സർഗ്ഗാത്മക ശേഷി വികസനം | നൽകിയതാണ്.<br>• ചിത്രങ്ങളുടെയും അക്ഷരകാർഡുകളുടെയും സഹായത്തോടെ വാക്കുകളും, വാക്കുകളിൽ നിന്ന് വാക്യങ്ങളും നിർമിക്കുന്നു.<br>• കുട്ടികഥകൾ, കവിതകൾ എന്നിവയുടെ വായനക്കാർഡുകൾ നൽകി വായനയെ മെച്ചപ്പെടുത്തുന്നു<br>• കഥയുടെചിത്രഭാഗങ്ങൾ നൽകി കഥാ പൂർത്തിയാക്കു കയും എഴുത്ത് മെച്ചപ്പെടുത്തു കയും ചെയ്യുന്നു.<br>**<u>സർഗവേദി</u>**<br>• മുന്നോക്കക്കാരായ കുട്ടികൾക്ക് പുസ്തകവായന - വായനക്കുറിപ്പു പതിപ്പ് ആസ്വാദനകുറിപ്പ് പതിപ്പ്,<br>• കുട്ടികളുടെ സർഗ്ഗാത്മകരചനകൾ ഉൾപ്പെടുത്തി ഒരു കുട്ടിക്ക് ഒരു മാഗസിൻ - സ്കൂൾതല | അക്കാദമികവർഷം | എസ്സ് എസ്സ് ജി<br><br>വിദ്യാരംഗം ക്ലബ്<br><br>പി ടി എ | 1000/-<br><br>5000/- |

| | | | | |
|---|---|---|---|---|
| | മാഗസിൻപ്രദർഷനം<br>• പാഠഭാഗത്ത് നിന്ന് ആർജിച്ച ആശയങ്ങളെ വിവിധ വ്യവഹാരരൂപങ്ങളാക്കി സാഹിത്യവേദികളിൽ അവതരിപ്പിക്കുന്നു.(നാടകം, ദൃശ്യാവിഷ്കാരം, സ്കിറ്റ്,ഡിജിറ്റൽ ആവിഷ്കാരം, ചൊൽക്കാഴ്ച,ഏകാഭിനയം)<br>• സാഹിത്യ - കലാരംഗത്ത് പ്രവർത്തിക്കുന്നവരുമായി ശില്പശാല. | മികവു<br><br>ജൂൺ | വിദ്യാരംഗം ക്ലബ്<br><br>പി ടി എ | 5000/- |
| വായനാശേഷി വികസനവും സാമൂഹികാവബോധവും. | ഓരോ ദിവസവും പത്രവാർത്തകളുടെ അവലോകനം, മാസത്തിലൊരിക്കൽ സമൂഹത്തിലെ പ്രധാനപ്രശ്നങ്ങൾ ചർച്ച- സംവാദം .<br><br>പ്രദേശത്തെ പ്രധാന സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് നിവേദനം, പോസ്റ്റർ, നോട്ടീസ്, ലഘുലേഖ തുടങ്ങിയവയിലൂടെ പരിഹാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | അക്കാദമികവർഷം | സാമൂഹ്യ പ്രവർത്തകർ<br>പി ടി എ<br>അധ്യാപകർ | |

# Academic Master plan- English – (Echoes of English)

**മേഖല (Up English)**

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | ചെലവ് |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | ആശംസകൾ ഇംഗ്ലീഷിൽ പ്രകടിപ്പിക്കുക ഇംഗ്ലീഷിൽ സ്വയം പരിചയപ്പെടുത്തുക | ജൂൺ , ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് വായിക്കുക. അനായാസം ഇംഗ്ലീഷ് ശ്രവിക്കുക | പാഠഭാഗത്തിൽനിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു മുഴുവൻ ഭാഗങ്ങളും ശരിയാകുന്നവർക്ക് സമ്മാനം ലഭിക്കുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷാ കഴിവ് പരിപോഷിപ്പിക്കുന്നതിന് വേണ്ടി | ഇംഗ്ലീഷ് അസ്സംബ്ലി, ഇംഗ്ലീഷ് നിഘണ്ടു നിർമ്മാണം | മാസം തോറും വർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബിലെ കുട്ടികൾ | |

# Academic Master Plan ഹിന്ദി

## മേഖല യു പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | ചെലവ് |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു<br><br>വായന ദിനം അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം ഹിന്ദി നാടകോത്സവം കഥാരചന അഭിനയ പരിശീലനം ഹിന്ദി നാടകം കാണാനുള്ള അവസരംവേദികളിൽ അവധാരണത്തിന് അവസരം | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക<br><br>റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവുകൾ നൽകുന്നു<br><br>CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകw പസിലുകൾ, ഐ സി ടി മുഖാന്തരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം ഹിന്ദിയിലുള്ള ഡയറി കുറിപ്പുകൾ ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | ജൂൺ 4,5<br><br>ജൂൺ 19<br><br>1 വർഷം (ജൂൺ മുതൽ മാർച്ച് വരെ) | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്<br><br>ഹിന്ദി അധ്യാപകർ മറ്റു അധ്യാപകർ | 2000/- |

# മേഖല അടിസ്ഥാന ശാസ്ത്രം

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക<br><br>പരീക്ഷണ നിരീക്ഷണങ്ങളിലൂടെനേടിയശാസ്ത്രീയമായ അറിവുകളുടെ അപഗ്രഥന ശേഷി വികസിപ്പിക്കൽ<br><br>ശാസ്ത്രനേട്ടങ്ങളിൽ അഭിമാനം കൊള്ളാനും ശാസ്ത്രത്തിനായി ജീവിതം സമർപ്പിച്ചവരോട് ആദരവ് പ്രകടിപ്പിക്കാനും അവസരം ഒരുക്കുന്നു | **<u>എന്റെ കണ്ടെത്തലുകൾ</u>**<br><br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം.<br><br>**<u>ശാസ്ത്രോൽസവം</u>**<br><br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകളടങ്ങിയ പരീക്ഷണങ്ങൾ, പ്രോജക്ടുകൾ, വർക്കിംഗ്, സ്റ്റിൽ മോഡലുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോൽസവം സംഘടിപ്പിക്കുന്നു.<br><br>**<u>ശാസ്ത്രവിസ്മയ ചുവർ</u>**<br><br>• ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട ആനുകാലിക സംഭവങ്ങളുടെ ചിത്രങ്ങൾ, വിവരങ്ങളും ഉൾപ്പെടുത്തി ശാസ്ത്രവിസ്മയ ചുവർ | സെപ്റ്റംബർ<br><br>ഒക്ടോബർ, നവംബർ<br><br>അക്കാദമിക വർഷം | സയൻസ്, സോഷ്യൽ ക്ലബ്, ഹെൽത്ത്ക്ലബ്<br><br>സയൻസ് സോഷ്യൽ ക്ലബ്<br><br>സയൻസ് ക്ലബ് | 2000/- |

| | | | | |
|---|---|---|---|---|
| | ഒരുക്കുന്നു<br>• ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം<br>• നൂതന ആശയവുമായി ബന്ധപ്പെട്ട ശില്പശാലകൾ<br>• ശാസ്ത്രബോധം വികസിപ്പിക്കുന്നത്തിനായി ശാസ്ത്രമാസികകൾ ഉൾപ്പെടുത്തി ശാസ്ത്രലൈബ്രറി . | ഒക്ടോബർ | സയൻസ് ക്ലബ് | |
| ശാസ്ത്രപ്രവർത്തനങ്ങളിലൂടെ ആർജിച്ച അറിവുകളുടെ പ്രയോഗികതലം | **<u>ഭക്ഷ്യമേള</u>**<br>പോഷക സമൃദ്ധമായ നാടൻ ഭക്ഷ്യമേള സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. സമീകൃതാഹാരവും ആരോഗ്യവും എന്ന ആശയം ബോധ്യപ്പെടുത്തുന്നു. | ജനുവരി | പി.ടി.എ ഹെൽത്ത് ക്ലബ് സയൻസ് ക്ലബ് | |
| സയന്റിഫിക്ക് ടെമ്പർ, അന്വേഷണത്വര, വിമർശനാത്മക ചിന്ത എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക . | **<u>വിസ്മയയാത്ര</u>**<br>• I C T യുടെ സഹായത്തോടെ ശാസ്ത്രവിസ്മയക്കാഴ്ചകൾ<br>• ശാസ്ത്രകൗതുകലോകത്തേക്കുള്ള പഠനയാത്രകൾ (പ്ലാനിറ്റേറിയം, ഗവേഷണകേന്ദ്രങ്ങൾ - തെങ്ങ്, നെല്ല് ) | ഫെബ്രുവരി | പി.ടി.എ സയൻസ് ക്ലബ്, സോഷ്യൽ ക്ലബ്, | 30000/- |

# Academic Master plan ഗണിതം (ഗണിത ഗ്രാമം)

## മേഖല യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | ചെലവ് |
|---|---|---|---|---|
| ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഗണിതത്തിൽ താൽപ്പര്യം ഉണ്ടാക്കുന്ന പ്രവർത്തങ്ങൾ നടത്തുന്നു | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ ഗണിത ക്ലബ് ലീഡർ | P T A പഞ്ചായത്ത് പൂർവ്വ വിദ്യാർഥികൾ സന്നദ്ധ സംഘടനകൾ |
| ഗണി തം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവിശ്യം | ഗണിത ക്ലബ് | P T A പൂർവ്വ വിദ്യാർഥികൾ |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തുന്നു | ഗണിത ശില്പശാല<br>കളിരീതിയിലുടെ അടിസ്ഥാന ക്രിയകൾ ഉറപ്പു വരുത്തുന്നത്തിനുള്ള പരിശീലനം നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗക്കുന്നു | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽ ക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കൂട്ടികളും ചേർന്ന് വേണ്ട നിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | P T A<br>പൂർവ്വ വിദ്യാർഥികൾ |
| ഗണിതപഠന പ്രവർത്തങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരുമുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ഗണിത ക്ലബ് | P T A<br>പൂർവ്വ വിദ്യാർഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | തൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽകരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡു കൾ നിർമിക്കുകയും ക്വിസ് മത്സരം സംഘ ടിപ്പിക്കയും ചെയ്യുക പ്രതിഭകളെ കണ്ടെ ത്തുവാനായി മാസ ത്തിലൊരിക്കൽ അറ ബിക് ബാലസഭ നട ത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ IT യുടെ സാധ്യത പ്രയോജനപ്പെടുത്തനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക | ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിത ശേഖരങ്ങൾ, ചിത്രീകരണങ്ങൾ മുതലായവയുടെ നിർമാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻ്റർനെറ്റ് സൗകര്യങ്ങൾ , വെബ് സൈറ്റുകൾ |

# <u>സംസ്കൃതം  അക്കാദമിക മാസ്റ്റർ പ്ലാൻ 5, 6, 7</u>

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ് കൃതം<br><br>യൂ പി തലത്തിലുള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പാദങ്ങളും ഉറപ്പിക്കൽ | **<u>ഭാഷാ ജ്ഞാനം</u>**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• അക്ഷര മാല കളികൾ<br>• അക്ഷര മരംനിർമ്മിക്കൽ<br>• പാട്ടും കളികളും | ജൂൺ -ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | ക്ലാസ് സംസ് കൃതഅധ്യാപിക |
| | **<u>പറയാം പഠിക്കാം</u>**<br><br>ചിത്ര കഥകൾ, ലഘുസംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാ പുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |
| വായന ലോകം (കുട്ടിയെ വായനയുടെ ലോകത്ത്ത്തിക്കും) | ലാളിത്തമപുസ്തകങ്ങളുടെ ശേഖരണം സംസ്കൃത ലൈബ്രറി സജ്ജീകരണം | 6 മാസം | ക്ലാസ് ലൈബ്രറി | അധ്യാപിക |

| | | | | |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠന നേട്ടങ്ങൾ | ക്ലബ് രൂപീകരണം, പഠനോപകരണ നിർമ്മാണം, പഠനയാത്ര | ജൂൺ മാർച്ച് | ചാർട്ട് , ചിത്രം | റിസോഴ്സ് അദ്ധ്യാപിക |
| മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ | മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകൾ ഉപയോഗിച്ച് പരിശീലനം നടത്തുന്നു എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മാർച്ച് | ക്ലാസ് റൂം | അദ്ധ്യാപിക |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം പരിഗണന അർഹി ക്കുന്നവർക്ക് ഉപകാ രപ്രദ മായ പഠനോപകരണ ങ്ങൾ നിർമിക്കുന്നു - ഗൃഹസന്ദർശനം | ജൂൺ മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക |
| ക്ലാസ് റൂം ആകർഷകം ആക്കുന്നതിന് | പെയിന്റിംഗ്, ലൈബ്രേറി ഒരുക്കുന്നു , ചുമർ ചിത്രങ്ങൾ | | | |

# അറബി

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ /സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും നന്നായി സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | 1. **മികവിന്റെ വഴി**<br>• പ്രൈമറിക്ലാസ് മുതൽഭാഷാ ശേഷികളുടെ വളർച്ചഉറപ്പ് വരുത്തുക<br>• മുന്നറിവ്പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമിക്കൽ<br>• ഭാഷാ കളികൾ | 2 മാസം | പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ | B R C<br>P T A |
| അറബി ഭാഷാ നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | 2, വായന വസന്തം<br>വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഇ - വായന<br>വായന കുറിപ്പുകൾ<br>അറബിക് പത്രവായന<br>3,എഴുത്തുത്സവം<br>എഴുത്തുകൂട്ടം<br>പതിപ്പുകളുടെ | 6 മാസം | പത്രങ്ങൾ<br>മാഗസിനുകൾ<br>പുസ്തകങ്ങൾ സ്കൂൾ ലൈബ്രറി<br>അസംബ്ലി<br>ചാർട്ടുകൾ | P T A |

| | | | | |
|---|---|---|---|---|
| വായനകളിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠനനേട്ട ത്തി ലൂടെ ഉറപ്പ് വരുത്തുക<br><br>ഭൂപട വയനയിലുള്ള ശേഷി ആർജിക്കൽ<br><br>സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക | നിർമാണം<br>വായനകുറിപ്പ് ശേഖരണം<br>ചുമർ പത്രങ്ങൾ<br>പോസ്റ്ററുകൾ<br>ഭാഷാ കളികൾ<br><br>4 - അറബിക് കമ്മ്യൂണിക്കേഷൻ<br><br>ആശയവിനിമയ വേദി ക്ലാസ് തലം സ്കൂൾ തലം<br><br>യാത്രകൾ<br>അറബിക് മേള<br>അറബിക് അസംബ്ലി<br>ഭാഷാ പ്രദർശനം<br><br>ഭാഷാ ക്യാമ്പ്<br><br>സോഷ്യൽ സയൻസ് ലാബ് നവീകരണം<br><br>പ്രാദേശിക ഭൂപടം, കേരളം, ഇന്ത്യ , ലോകഭൂപടം, ഗ്ലോബ് എന്നിവയുടെ മാതൃകകൾ ഉൾപ്പെടുത്തി ലാബ് നവീകരണം | 12 മാസം | പത്രങ്ങൾ<br><br>ITC പുസ്തകങ്ങൾ | P T A<br><br>B R C<br>P T A |

# പദ്ധതി വിശദാംശങ്ങൾ

## അക്കാദമികേതര പ്രവർത്തനങ്ങൾ

| ലക്ഷ്യം | | | | |
|---|---|---|---|---|
| കുട്ടികളിൽ ജൈവവൈവിധ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കൽ<br><br>പ്രകൃതി സംരക്ഷണാവബോധം സൃഷ്ടിക്കൽ | **ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, ആമ്പൽകുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br>**കണ്ടറിയാനൊരു യാത്ര**<br>കണ്ടൽക്കാട് നിരീക്ഷണം, കാവുകളുടെ സന്ദർശനം, മനുഷ്യനിർമ്മിത വനസന്ദർശനം, പ്രാദേശിക ആവാസമേഖല സന്ദർശനം തുടങ്ങിയ യാത്രകൾ സംഘടിപ്പിക്കുന്നു.<br><br>**ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം**<br>ജൂൺ മുതൽ ഓരോ മാസവും സ്കൂളിൽ നടക്കുന്ന ജൈവവൈവിധ്യ പ്രവർത്തനങ്ങൾ രജിസ്റ്ററിൽ രേഖപെടുത്തുന്നു. ഓരോ മാസവും പുതുതായി നട്ട ചെടികൾ ലിസ്റ്റ് ചെയ്യുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | P T A<br>S S G<br>പൂർവ്വ വിദ്യാർഥികൾ, കൃഷിഭവൻ, Eco club, സയൻസ് ക്ലബ്, ആയുർവേദ ആശുപത്രി<br><br>Eco Club | 30000/-<br><br>500/- |

<table>
<tr>
<td></td>
<td><u>ലഹരിമുക്ത ഗ്രാമം</u>
<ul>
<li>ലഹരിക്കെതിരേയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.</li>
<li>ലഹരിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ (കുട്ടികൾക്കും രക്ഷിതാക്കൾക്കും) സംഘടിപ്പിക്കുക.</li>
<li>പൊതുസ്ഥലങ്ങളിൽ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, ലഘുലേഖകൾ എന്നിവ പതിക്കുന്നു</li>
<li>പൊതുസ്ഥലങ്ങളിൽ സ്കിറ്റുകൾ, ഫ്ലാഷ് മോബുകൾ, ലഹരിവിരുദ്ധചങ്ങല എന്നിവ സംഘടിപ്പിക്കുന്നു.</li>
<li>ഭവന സന്ദർശനം: ഭവന സന്ദർശന വേളയിൽ "ഞാനും എന്റെ വീടും, എന്റെനാടും ലഹരി മുക്തം എന്ന പ്രതിജ്ഞയിൽ കുട്ടികളും വീട്ടുകാരും, പരിസരവാസികളും പങ്കാളികളാകുന്നു.</li>
</ul>
സാമൂഹിക പ്രതിബദ്ധത വളർത്തുക സമഭാവനയും സഹകരണ മനോഭാവവും നേടുക</td>
<td></td>
<td></td>
<td></td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| | **<u>നന്മയുടെ കൈത്തിരി</u>**<br><br>• സഹായപ്പെട്ടി നിർമ്മിച്ച് മിഠായിയും മറ്റും വാങ്ങാൻ കിട്ടുന്ന ചെറിയ തുകകൾ സഹായപ്പെട്ടിയിൽ സ്വരിപ്പിച്ച് ഏറ്റവും നിർദ്ധനരായ സഹപാഠിക്ക് കൈത്താങ്ങാകുന്നു<br><br>• മാസത്തിലൊരിക്കൽ വീട്ടിൽ നിന്നും ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യസാധനങ്ങളും ശേഖരിച്ച് ഒരു പിടിനന്മയുടെ തുടർ പ്രവർത്തനം നടത്തുന്നു<br><br>• **ഗാന്ധിഭവൻ സന്ദർശനം:** സമ്പാദ്യപ്പെട്ടിയുടെ ശേഷിപ്പും, PTA, അധ്യാപകർ  എന്നിവരുടെ സഹായവും ഉൾപ്പെടുത്തി ഗാന്ധിഭവൻ സന്ദർശനം നടത്തുകയും വേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കുന്നു.<br><br>• വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട് ആരോഗ്യ പ്രവർത്തകാരുടെ ബോധവൽക്കരണ ക്ലാസ്<br><br>• ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ ബയോബിന്നുകൾ സ്ഥാപിക്കുക | | | | |

| | | | | |
|---|---|---|---|---|
| | • പ്ലാസ്റ്റിക്ക്, ജൈവ, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രത്യകം ബിന്നുകൾ സ്ഥാപിക്കുക<br>• മഷിപ്പേനയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക<br>• ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരിക്കുക<br>• സ്കൂളും, പരിസരവും ശുചികരിക്കുന്നതിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുക സാമൂഹിക ശുചിത്വം ഉറപ്പാക്കുന്നതിന്റെഭാഗമായി ആറാട്ടുപുഴ ബീച്ച് ക്ലിനിംഗ് പ്രവർത്തനം നടത്തുക<br>• ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ കൃത്യമായാ നിരീക്ഷണവും വിലയിരുത്തലും നടപ്പാക്കുക<br>• സ്കൂൾ ശുചിത്വ പ്രവർത്തനങ്ങളിൽമികച്ച പങ്കാളിത്തം കാട്ടുന്ന കുട്ടികളെ സ്കൂൾ പൊതുവേദികളിൽ ആദരിക്കുക. | | | |

# <u>മോണിട്ടറിംഗ്</u>

- S R G
- P T A
- M P T A
- അക്കാദമിക വിദഗ്ദ്ധർ
- ഹെഡ് മിസ്ട്രസ്
- പൂർവ്വ വിദ്യാർത്ഥികൾ

# ഉപസംഹാരം

ആറാട്ടുപുഴ എം യു യൂ പി സ്കൂളിന്റെ ഈ മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠyപഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശംമാണെന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ മാസ്റ്റർ പ്ലാനിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചരീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും നുനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സാധിക്കുമെന്ന് വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.